(സി) 1996 - 97

89924 .875 കി. ലിറ്റർ ഡീസലും
1299. 736 കി. ലിറ്റർ ഓയിലും അതിന്റെ
വില 82,34,52,465 രൂപ

1997 - 98

97594. 620 കി. ലിറ്റർ ഡീസലും 1496.986 കി. ലിറ്റർ ഓയിലും
അതിന്റെ വില 1,14,49,26,496 രൂപ.

1998- 99

100616.208 കി. ലിറ്റർ ഡീസലും 1657.144 കി. ലിറ്റർ ഓയിലും
അതിന്റെ വില 1,19,63,44,102 രൂപ.

1999 - 2000

103593. 985 കി. ലിറ്റർ ഡീസലും 1616.812 കി. ലിറ്റർ ഓയിലും
അതിന്റെ വില 1,49,52,22,007 രൂപ.

4-2000 മുതൽ 1-2001 വരെ

96233.498 കി. ലിറ്റർ ഡീസലും 1430.108 കി. ലിറ്റർ ഓയിലും
അതിന്റെ വില 1,70,31,45,816 രൂപയും ആയിട്ടുണ്ട്.

## റദ്ദാക്കപ്പെട്ട ബസ്സ് ഷെഡ്യൂളുകൾ

24 (1576) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് നിരത്തിലിറക്കിയ ബസ്സുകളിൽ ഓർഡിനറി, ഫാസ്റ്റ് എന്നിങ്ങനെ കാറ്റഗറി തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ബി) ഈ പുതിയ ബസ്സുകളിൽ കായംകുളം ബസ്സ് സ്റ്റേഷനിലേക്ക് അലോട്ട് ചെയ്തത് എത്ര എണ്ണമാണ് ;

(സി) മാവേലിക്കര, ചെങ്ങന്നൂർ, ഹരിപ്പാട്, ചേർത്തല, ആലപ്പുഴ എന്നീ സ്റ്റേഷനുകളിലേക്ക് ഈ കൂട്ടത്തിൽ നിന്നും അനുവദിച്ചവയുടെ എണ്ണം വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ വന്നിച്ച തോതിൽ ഷെഡ്യൂളുകൾ തീർത്തതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കായംകുളം കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽ നിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകളാണ് ആകെ റദ്ദാക്കിയിട്ടുള്ളത് ;

(എഫ്) റദ്ദാക്കിയ ഷെഡ്യൂളുകളുടെ പട്ടിക നൽകുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ജി) ഷെഡ്യൂളുകൾ റദ്ദാക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(എച്ച്) രാപകൽ വ്യത്യാസമില്ലാതെ സർവ്വീസുകൾ ക്യാൻസൽ ചെയ്യുന്നതുമൂലം സ്ത്രീകളടക്കമുള്ള യാത്രാക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) കായംകുളം ഡിപ്പോയിൽ നിർത്തലാക്കിയിട്ടുള്ള എല്ലാ ബസ് സർവ്വീസുകളും പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സർക്കാർ വന്നശേഷം നിരത്തിലിറക്കിയ ബസ്സുകളിൽ കാറ്റഗറി തിരിച്ചുള്ള എണ്ണം.

| | |
|---|---|
| സൂപ്പർ ഡീലക്സ് | - 15 |
| സൂപ്പർ എക്സ്പ്രസ് | - 91 |
| സൂപ്പർ ഫാസ്റ്റ് | - 315 |
| ഫാസ്റ്റ് പാസഞ്ചർ | - 1064 |
| ഓർഡിനറി | - 586 |

(ബി) ഈ പുതിയ ബസ്സുകളിൽ കായംകുളം ബസ് സ്റ്റേഷനിലേക്ക് 30 ബസ്സുകൾ അലോട്ട് ചെയ്തു.

(സി) ഈ കൂട്ടത്തിൽ നിന്നും

| | |
|---|---|
| മാവേലിക്കര | - 22 |
| ചെങ്ങന്നൂർ | - 43 |
| ഹരിപ്പാട് | - 14 |
| ചേർത്തല | - 38 |
| ആലപ്പുഴ | - 45 എന്ന ക്രമത്തിൽ ബസ്സുകൾ അനുവദിച്ചു. |

(ഡി) ഡീസലിന്റെ ലഭ്യതക്കുറവുമൂലം ചില യൂണിറ്റുകളിൽ ചില ഷെഡ്യൂളുകൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. വൻ തോതിൽ ഷെഡ്യൂളുകൾ നിർത്തലാക്കുന്നതായുള്ള പരാതി ഉണ്ടായിട്ടില്ല.

(ഇ-ജി) ഷെഡ്യൂളുകളൊന്നും തന്നെ സ്ഥിരമായി റദ്ദാക്കിയിട്ടില്ല. ഡീസൽ ലഭ്യതയിലുള്ള കുറവും, ജീവനക്കാരുടെ കുറവുകാരണവും വരുമാനം കുറഞ്ഞ ചില ഷെഡ്യൂളുകളോ, ട്രിപ്പുകളോ തൽക്കാലത്തേക്ക് നിർത്തി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) വരുമാനം കുറഞ്ഞ സർവ്വീസുകൾ മാത്രമാണ് തൽക്കാലത്തേക്ക് നിർത്തിവച്ചിട്ടുള്ളത്. ഇങ്ങനെ ചെയ്യുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. യാത്രക്കാർ കുറവുള്ളതോ മറ്റു യാത്രാ സൗകര്യങ്ങൾ ഉള്ളതോ ആയ റൂട്ടുകളിലെ ചില ട്രിപ്പുകൾ മാത്രമാണ് നിർത്തലാക്കിയിട്ടുള്ളത്.

(ഐ) വരുമാനം കുറവുകാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായി പുനഃരാരംഭിക്കുവാൻ ഉള്ള നടപടികൾ എടുത്തു വരുന്നു.

**ഡീസൽ, ഓയിൽ വാങ്ങിയ ഇനത്തിൽ കെ. എസ്. ആർ. ടി. സി. നൽകുവാനുള്ള തുക**

25 (1578) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ, ഓയിൽ എന്നിവ വാങ്ങിയയിനത്തിൽ കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്തു തുക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആർക്കെല്ലാം എന്തു തുക വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തുക എന്നേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാരിൽ നിന്നടക്കം കെ.എസ്.ആർ.ടി.സി.-ക്ക് ആരിൽ നിന്നെല്ലാം എന്തു തുക വീതം പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത തുക എന്നേക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ ;

(എഫ്) കാസർഗോഡ് ജില്ലാ ട്രാൻസ്പോർട്ട് സ്റ്റേഷനിൽ നിന്നും എത്ര അന്തർ സംസ്ഥാന ബസ് സർവ്വീസുകളും, സംസ്ഥാനത്തിനകത്ത് എത്ര ബസ് സർവ്വീസുകളും നടത്തുന്നുണ്ടെന്നും അവ ഏതെല്ലാം റൂട്ടിലാണെന്നും വ്യക്തമാക്കാമോ ?

(ജി) കാസർഗോഡ് നിന്നും കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ) ഡീസൽ, ഓയിൽ എന്നിവ വാങ്ങിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി. 28-2-2001 വരെ 21.85 കോടി രൂപാ കൊടുത്തു തീർക്കാനുണ്ട്.

(ബി) ഇന്ത്യൻ ഓയിൽ കോർപ്പറേഷന് 20.83 കോടി രൂപയും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 1.02 കോടി രൂപയും വീതം കൊടുത്തു തീർക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly